# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ജൂലൈ 1**

---

**ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ തുടങ്ങി**

## വിദ്യാർഥികളെ കാത്തിരിക്കുന്നത് അവസരങ്ങളുടെ ലോകം-ഡോ. സി.ടി. അരവിന്ദകുമാർ

സംസ്ഥാനത്തെ കോളജുകളിൽ പുതിയതായി തുടക്കം കുറിച്ച ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ വിദ്യാർഥികൾക്കു മുന്നിൽ വിപുലമായ അവസരങ്ങളിലേക്കുള്ള വാതിലാണ് തുറക്കുന്നതെന്ന് മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളോടൊപ്പം മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിൽ ആരംഭിച്ച 4+1 പ്രോഗ്രാമുകളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പഠനം പൂർത്തിയാകുമ്പോൾ വിദ്യാർഥികളുടെ അറിവും നൈപുണ്യവും ഗണ്യമായി വർധിക്കുന്ന രീതിയിലാണ് പുതിയ പ്രോഗ്രാമുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. മഹാത്മാ ഗാന്ധി സർവകലാശാലയിലെ 4+1 പ്രോഗ്രാമുകളിൽ തികച്ചും സ്വതന്ത്രമായ പഠനാന്തരീക്ഷമാകും ഉണ്ടാകുക. സർവകലാശാലയിലെ രാജ്യാന്തര നിലവാരത്തിലുള്ള സൗകര്യങ്ങളും വിദഗ്ധരായ അധ്യാപകരുടെ സേവനവും വിദ്യാർഥികൾക്ക് മുതൽക്കൂട്ടാകും-അദ്ദേഹം പറഞ്ഞു.

സംസ്ഥാനതല ഉദ്ഘാടനത്തിന്റെ തത്സമയ സംപ്രേഷണത്തിനു ശേഷമായിരുന്നു സർവകലാശാലയിലെ ഉദ്ഘാടനം.സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സർവകലാശാലാ ഗ്രാജ്വേറ്റ് സ്കൂൾ ഡയറക്ടറായ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ അധ്യക്ഷത വഹിച്ചു. 4+1 പ്രോഗ്രാമുകളെക്കുറിച്ച് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. പി.പി. നൗഷാദ് വിശദീകരിച്ചു. കോളജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ഡോ. പി.ആർ. ബിജു നവാഗതർക്ക് സർവകലാശാലയെ പരിചയപ്പെടുത്തി.

ജില്ലാ പഞ്ചായത്തംഗം ഡോ. റോസമ്മ സോണി, ബ്ലോക്ക് പഞ്ചായത്ത് അംഗം ജെയിംസ് കുര്യൻ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് അമ്പലക്കുളം, ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ നിർവഹണ കമ്മിറ്റി കൺവീനറായ സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, ഗ്രാജ്വേറ്റ് സ്കൂൾ ജോയിന്റ് ഡയറക്ടർമാരായ ഡോ. ശിൽപ്പ സതീഷ്, ഡോ. പി. അബ്ദുൽ ജബ്ബാർ, ഡോ. അപർണ ഈശ്വരൻ, ജനപ്രതിനിധികൾ, അക്കാദമിക് മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങൾ, വകുപ്പുതല നോഡൽ ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

നവകേരള പോസ്റ്റ് ഡോക്ടറർ ഫെലോ ഡോ. എം. സ്മിത, രത്നശ്രീ എന്നിവർ നയി

ക്കുന്ന  ഗാന്ധി സ്മൃതി അതവരിപ്പിച്ചു.

*ഫോട്ടോ*
*മഹാത്മാ ഗാന്ധി സർവകലാശാലയിൽ 4+1 ബിരുദ പ്രോഗ്രാമുകളുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിക്കുന്നു.*

(പി.ആർ.ഒ/39/536/2024)

## ബിഎഡ്  ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു; ജൂലൈ അഞ്ചുവരെ പുതിയതായി അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിലെ ബിഎഡ്  പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന്റെ ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

അപേക്ഷ സമർപ്പിച്ചവർക്ക് ജൂലൈ അഞ്ച്  വരെ ഓപ്ഷനുകൾ കൂട്ടിച്ചേർക്കുകയും ഒഴിവാക്കുകയും പുനഃക്രമീകരിക്കുകയും തിരുത്തലുകൾ വരുത്തുകയും ചെയ്യാം. പേര്, ആധാർ നമ്പർ, മൊബൈൽ നമ്പർ, ഇ മെയിൽ വിലാസം, പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ, സംവരണ വിഭാഗം എന്നിവ ഒഴികെയുള്ള വിവരങ്ങളാണ് തിരുത്താൻ കഴിയുക.

ഓൺലൈനിൽ ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്കും ഫീസ് അടച്ചശേഷം അപേക്ഷ നൽകാൻ കഴിയാത്തവർക്കും ജൂലൈ അഞ്ചു  വരെ രജിസ്റ്റർ ചെയ്യാം. കമ്യൂണിറ്റി മെരിറ്റ് ക്വാട്ടയിൽ അപേക്ഷിച്ചവർ ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും പുതിയതായി രജിസ്റ്റർ ചെയ്യുന്നതിനും കമ്യൂണിറ്റി മെറിറ്റ് ക്വാട്ട ലോഗിൻ  എന്ന ഓപ്ഷൻ ഉപയോഗിക്കാം.
(പി.ആർ.ഒ/39/537/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ  ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജിയിൽ എംഎസ്സി കെമസ്ട്രി നാനോസയൻസ് ആൻഡ് നാനോടെക്നോളജി പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിൽ( ജനറൽ മെറിറ്റ്, എൽ.സി, എസ്.സി വിഭാഗങ്ങളിൽ ഓരോ സീറ്റു വീതം) സ്പോട്ട് അഡ്മിഷൻ ഇന്ന് (ജൂലൈ 2) നടക്കും. അർഹരായ വിദ്യർത്ഥികൾ അസ്സൽ രേഖകളുമായി ഉച്ചയ്ക്ക് 12നു മുൻപ്  വകുപ്പ് ഓഫീസിൽ  (റൂം നമ്പർ 302 കൺവർജൻസ് അക്കാദമിയ കോംപ്ലകസ്) നേരിട്ട് എത്തണം.  വിശദ വിവരങ്ങൾ വെബ്സൈറ്റിൽ(https://snsnt.mgu.ac.in/). ഫോൺ-9496544407

...................
മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സിൽ എംഎസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ്  മെഷീൻ ലേണിംഗ് പ്രോഗ്രാമിൽ എസ്.സി വിഭാഗത്തിന് സംവരണം ചെയ്യപ്പെട്ട ഒരു സീറ്റ് ഒഴിവുണ്ട്.  അർഹരായ വിദ്യർത്ഥികൾ അസ്സൽ രേഖകളുമായി നാളെ( ജുലൈ 3) രാവിലെ പത്തിന് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 514 കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്)ഫോൺ-0481 2733387

...................
മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഡാറ്റ അനലിറ്റികസിൽ  എംഎസ്സി ഡാറ്റ സയൻസ് അന്റ് അനലിറ്റികസ് പ്രോഗ്രാമിൽ   എസ്സി,എസ്ടി വിഭാഗക്കാർക്ക് സംവരണം ചെയ്ത  സീറ്റുകളിൽ യഥാക്രമം രണ്ടും ഒന്നും ഒഴിവുകളുണ്ട്.
അർഹരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി നാളെ(ജുലൈ 3) രാവിലെ 10.30ന് സ്കൂൾ ഓഫീസിൽ എത്തണം
ഫോൺ- 8304870247

...................
മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ.രാജ് സ്കൂൾ ഓഫ് ഇക്കണോമികസിൽ എംഎ ഇക്കണോമികസ് പ്രോഗ്രാമിൽ പട്ടികജാതിക്കാർക്കായി സംവരണം ചെയ്ത സീറ്റിൽ ഒഴിവുകളുണ്ട്. അർഹരായവർ ജൂലൈ അഞ്ചിന് രാവിലെ 11ന് അസ്സൽ രേഖകളുമായി കൺവർജൻസ് അക്കാദമിയ കോംപ്ലകസിലെ ഓഫീസിൽ എത്തണം.
.......

എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ എംഎസ്സി എൻവയോൺമെന്റൽ സയൻസസ് (പട്ടികജാതി -2) എംഎസ്സി അപ്ലൈഡ് ജിയോളജി (പട്ടികജാതി -2, പട്ടിക വർഗം-1) പ്രോഗ്രാമുകളിൽ ഒഴിവുള്ള സംവരണ സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ ഇന്ന്(ജൂലൈ രണ്ട്) നടക്കും. അർഹരായവർ അസ്സൽ രേഖകളുമായി സ്കൂൾ ഓഫീസിൽ എത്തണം. ഫോൺ-0481 2733369, 8921456993)
(പി.ആർ.ഒ/39/538/2024)

## പരീക്ഷാ ഫലം

അഞ്ചാം സെമസ്റ്റർ ഐഎംസിഎ (2020അഡ്മിഷൻ റെഗുലർ നവംബർ 2023 ) പരിക്ഷ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 15 ന് മുമ്പ് പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ സമർപ്പിക്കണം.
....................
മൂന്നാം സെമസ്റ്റർ എൽഎൽഎം (2021 അഡ്മിഷൻ റെഗുലർ 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018നു മുൻപുള്ള അഡ്മിഷൻ മെഴ്സി ചാൻസ് നവംബർ 203) പരിക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സുക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 14 വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ സമർപ്പിക്കാം.
....................
ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ് (റെഗുലർ,സപ്ലിമെന്ററി) എം.എ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ പരീക്ഷ ഡിസംബർ 2023) പരീക്ഷയുടെ ഫലം പസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 15 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/539/2024)

## പ്രാക്ടിക്കൽ

നാലം സെമസ്റ്റർ എംഎസ്സി ഫൈറ്റോ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (2022 അഡ്മിഷൻ റെഗുലർ, 2019,2020,2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രോജക്റ്റ്, പ്രക്ടിക്കൽ പരീക്ഷകൾ ജൂലൈ ഒൻപത്, പത്ത് തീയതികളിൽ തിരുവല്ല മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വൻസ്ഡ് സറ്റഡീസിൽ നടക്കും. വിശദ വിവരങ്ങൾ വെബസൈറ്റിൽ

(പി.ആർ.ഒ/39/540/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**